# <u>ഫിലോസഫർ</u>

നീ കാത്തു സൂക്ഷിച്ച
നിന്റെ  നഗ്നത
നിനക്ക് വേണ്ടി മാത്രമല്ലെന്നു
നിനക്കിപ്പോഴെങ്കിലും
മനസ്സിലായല്ലോ
എല്ലാം ഷെയർ ചെയ്യണമെന്നു
കിൻഡർ ഗാർഡനിൽ
നമ്മളെ  പഠിപ്പിച്ചത്
വെറുതെയല്ലെന്നു
നിനക്ക് ഓർമ്മ വന്നതും

ഇപ്പോഴാണല്ലോ
ജീവിതം വെറും
നൈമിഷികമാണെന്നും
നല്ലതും ഇഷ്ടമുള്ളതും
നല്ല സമയത്ത് തന്നെ
ഉപയോഗിക്കണമെന്നുമുള്ള
തത്വശാസ്ത്രം
നിന്നെ പഠിപ്പിച്ചത്
ഒരു ഫിലോസഫർ പോലുമല്ലാത്ത
ഞാനാണെന്നു  നീ  പറഞ്ഞപ്പോൾ
എന്നിക്കുണ്ടായ ആനന്ദം
നിന്നോട്  പറയാതിരുന്നതും
മനപ്പൂർവ്വമായിരുന്നെന്നു
ഇപ്പോൾ എനിക്ക് തോന്നുന്നു
എനിക്കും  വേണമെങ്കിൽ
അൽബേർ കാമുവിനെ പോലെ
പൗലെ കൊയിലെ പോലെ
കഥകളെഴുതുന്ന
ഒരു ഫിലോസഫർ എങ്കിലും
ആകാമായിരുന്നെന്ന്